# കില
## വാർത്താപത്രിക

VOLUME-8
ISSUE-1
JANUARY 2015

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org





സൻസദ് ആദർശ് ഗ്രാമയോജന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥ- സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകരുടേയും യോഗം കിലയിൽ **കെ.വി.തോമസ്** എം.പി. ഉദ്ഘാടനം ചെയ്യുന്നു.

# സൻസദ് ആദർശ് ഗ്രാമയോജന: മാർഗ്ഗരേഖയിൽ മാറ്റം വേണമെന്ന് കെ. വി. തോമസ് എം. പി.

പഞ്ചായത്തുകളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച സൻസദ് ആദർശ് ഗ്രാമയോജന (എസ്.എ.ജി.വൈ) പദ്ധതിയുടെ പ്രവർത്തന മാർഗ്ഗരേഖയിൽ കേരളത്തിനനുയോജ്യമായ വിധത്തിൽ മാറ്റങ്ങൾ വരുത്തണമെന്ന് കെ.വി.തോമസ് എം.പി. നിർദ്ദേശിച്ചു. പദ്ധതി പ്രകാരം എം.പി. തെരഞ്ഞെടുത്ത കോട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകരും പങ്കെടുത്ത യോഗം കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇതിൽ ആരും രാഷ്ട്രീയം കലർത്താൻ പാടില്ല. തെറ്റും കുറ്റവും പരിഹരിച്ച് ഗുണപ്രദമാക്കാനാണ് ശ്രമിക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷത വഹിച്ചു. ഗ്രാമതലത്തിൽ 15,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടക്കുന്ന ഏക സംസ്ഥാനമാണ് കേരളമെന്ന് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ സംസ്ഥാന ആസൂത്രണബോർഡ് മെമ്പർ സി.പി.ജോൺ പറഞ്ഞു. ആദർശ് ഗ്രാമയോജനയുടെ പ്രാധാന്യത്തെക്കുറിച്ചും സവിശേഷതകളെക്കുറിച്ചും ഡോ.എബി ജോർജ് സംസാരിച്ചു. കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എ. അഗസ്റ്റിൻ, എ.ഡി.സി ടോമി, കോർഡിനേറ്റർ പി.വി.രാമകൃഷ്ണൻ, വി.ജി.ശശിധരൻ ട്രെയിനിംഗ് അസോസിയേറ്റ് ഗീതാഞ്ജലി എന്നിവർക്കു പുറമെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, സന്നദ്ധ സംഘടനാഭാരവാഹികൾ എന്നിവർ യോഗത്തിൽ സംബന്ധിച്ചു.

ഓരോ പാർലമെന്റ് മണ്ഡലത്തിലും എം.പി. മാർ തെരഞ്ഞെടുക്കുന്ന ഗ്രാമപഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കുക. 2016 നകം ഇരുപതു ഗ്രാമപഞ്ചായത്തുകളിലും 2019 ൽ 40 പഞ്ചായത്തുകളിലും പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിൽ അടിസ്ഥാനപരമായ സാമൂഹ്യ-സാമ്പത്തിക സർവെ നടത്തി പ്രശ്നങ്ങൾ അപഗ്രഥിക്കുകയാണ് ആദ്യം ചെയ്യുന്നത്. കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളിലൂടെ ലഭിക്കുന്ന ഫണ്ട്, എം.എൽ.എ-എം.പി.ഫണ്ട്, പഞ്ചായത്തകളുടെ പ്ലാൻ ഫണ്ട് എന്നിവ ഉപയോഗിച്ചാണ് സമഗ്ര വികസനപദ്ധതിക്കു രൂപം നൽകുന്നത്. ഇതിലൂടെ പഞ്ചായത്തിനെ മാതൃകാപഞ്ചായത്താക്കി മാറ്റും. ഗ്രാമീണറോഡുകളുടെ വികസനം, ആരോഗ്യ-വിദ്യാഭ്യാസരംഗത്തെ ഗുണമേന്മ വർദ്ധിപ്പിക്കൽ, തൊഴിൽ സംരംഭങ്ങൾ തുടങ്ങിയവയെല്ലാം പദ്ധതിയുടെ ഭാഗമായിരിക്കും.



ഇടുക്കി മണ്ഡലത്തിന്റെ സമഗ്രവികസനശില്‍പ്പശാല കിലയില്‍ **റോഷി അഗസ്റ്റിന്‍** എം.എല്‍.എ ഉദ്ഘാടനം ചെയ്യുന്നു

# ഇടുക്കിയില്‍ സമ്പൂര്‍ണ്ണ വൈദ്യുതീകരണം നടപ്പാക്കും: റോഷി അഗസ്റ്റിന്‍ എം.എല്‍.എ

**വൈ**ദ്യുതി ഉല്‍പ്പാദനരംഗത്ത് ഇടുക്കിക്ക് പ്രാധാന്യമുണ്ടെങ്കിലും മണ്ഡലത്തിന്റെ പല ഗ്രാമങ്ങളിലും ഇനിയും വൈദ്യുതി എത്താനുണ്ടെന്നും സമ്പൂര്‍ണ്ണ വൈദ്യുതീകരണമണ്ഡലമാണ് തന്റെ ലക്ഷ്യമെന്നും റോഷി അഗസ്റ്റിന്‍ എം.എല്‍.എ പറഞ്ഞു. ഇടുക്കി മണ്ഡലത്തിന്റെ സമഗ്രവികസനശില്‍പ്പശാല കിലയില്‍ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ശുചിത്വമുള്ള മണ്ഡലമാക്കി മാറ്റുക എന്നതാണ് മറ്റൊരു ലക്ഷ്യം.മണ്ഡലാതിര്‍ത്തിയിലെ മുഴുവന്‍ എയ്ഡഡ് സ്കൂളുകളിലും വൃത്തിയും വെടിപ്പുമുള്ള ശൗചാലയങ്ങള്‍ സ്ഥാപിക്കുന്നതിനുള്ള ബൃഹദ് പദ്ധതിക്കും രൂപം നല്‍കും. ടൂറിസത്തിന് പ്രസക്തിയുള്ള ജില്ലയാണ് ഇടുക്കി. ഓരോ പഞ്ചായത്തിലും ടൂറിസം വികസനത്തിനു സാദ്ധ്യതയുണ്ട്. ഫാം ടൂറിസത്തിനാണ് മുന്‍ഗണന നല്‍കേണ്ടത്. വിവിധ റോഡുകളെ ബന്ധിപ്പിക്കുന്നതോടൊപ്പം പ്രധാന റോഡുകളെ സൗന്ദര്യവല്‍ക്കരിക്കണമെന്നും എം.എല്‍.എ നിര്‍ദ്ദേശിച്ചു. കില അസോസിയേറ്റ് പ്രൊഫ.ഡോ.പീറ്റര്‍ എം. രാജ് അദ്ധ്യക്ഷനായിരുന്നു. കോര്‍ഡിനേറ്റര്‍ കെ.എം.സലിം സംസാരിച്ചു. ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ.പി. ഉസ്മാന്‍, കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തോമസ് രാജന്‍, ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റന്‍ഡിംഗ് കമ്മിറ്റി ചെയര്‍പേഴ്സണ്‍ മേരി ആന്റണി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ ബ്രിഡ്ജറ്റ് സിറിയക്ക്(അറക്കുളം), ഡി.ഡി.ശോശാമ്മ (ഇടുക്കി-കഞ്ഞിക്കുഴി), ജോയ് വര്‍ഗീസ് (വാഴത്തോപ്പ്), അന്നമ്മ ബേബി (കാമാക്ഷി), റോസമ്മ ജെയിംസ് (കാഞ്ചിയാര്‍), ജോണി സെബാസ്റ്റ്യന്‍ (കട്ടപ്പന), മേഴ്സി ജോസ് (കൊന്നത്തടി), സന്തോഷ് തോമസ് (മരിയാപുരം), എന്നിവര്‍ക്കു പുറമെ വിവിധ സ്റ്റാന്‍ഡിംഗ് കമ്മിറ്റി ചെയര്‍ പേഴ്സണ്‍മാര്‍, നിര്‍വഹണ ഉദ്യോഗസ്ഥര്‍ എന്നിവരാണ് ശില്‍പ്പശാലയില്‍ പങ്കെടുത്തത്. ഉദ്ഘാടനത്തിനുശേഷം വിവിധ വിഷയങ്ങളുടെ അടിസ്ഥാനത്തില്‍ ഗ്രൂപ്പ് ചര്‍ച്ചയും തുടര്‍ന്ന് പൊതുചര്‍ച്ചയുമുണ്ടായി. ചര്‍ച്ചകള്‍ ക്രോഡീകരിച്ച് എം.എല്‍.എ സംസാരിച്ചു.

## ഡോ.ജെ.ബി.രാജന്‍ പങ്കെടുത്തു

**ലോ**കബാങ്ക് സഹകരണത്തോടെ കര്‍ണ്ണാടകസര്‍ക്കാര്‍ നടപ്പാക്കുന്ന സേവാഗ്രാം പരിപാടികളുടെ ഭാഗമായി സംഘടിപ്പിച്ച പങ്കാളിത്ത ആസൂത്രണത്തെക്കുറിച്ചുള്ള ദേശീയ ശില്‍പ്പശാലയില്‍ കിലയിലെ ആസൂത്രണവിഭാഗം മേധാവി ഡോ. ജെ.ബി.രാജന്‍ പങ്കെടുക്കുകയും കേരളത്തിലെ പങ്കാളിത്ത ആസൂത്രണ രീതിശാസ്ത്രത്തെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. കര്‍ണ്ണാടക പഞ്ചായത്ത് വകുപ്പുസെക്രട്ടറി, ലോകബാങ്ക് പ്രതിനിധകള്‍, ഇന്‍സ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യല്‍ സയന്‍സിലെ പ്രവര്‍ത്തകര്‍, വിവിധ സന്നദ്ധസംഘടനാപ്രതിനിധികള്‍ എന്നിവരാണ് ശില്‍പ്പശാലയില്‍ പങ്കെടുത്തത്.




ഗുരുവായൂര്‍ നിയോജകമണ്ഡലത്തിലെ സമഗ്രവികസനശില്‍പ്പശാല കിലയില്‍
**കെ.വി.അബ്ദുള്‍ഖാദര്‍** എം.എല്‍.എ ഉദ്ഘാടനം ചെയ്യുന്നു




ഗ്രാമകേന്ദ്രത്തെക്കുറിച്ച് തൃശ്ശൂരിൽ സംഘടിപ്പിച്ച മാധ്യമശിൽപ്പശാല
**തേറമ്പിൽ രാമകൃഷ്ണൻ** എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

# സേവാഗ്രാം ഗ്രാമകേന്ദ്രം: മാധ്യമശിൽപ്പശാല തുടങ്ങി

ഗ്രാമപഞ്ചായത്തുകളിൽ സ്ഥാപിക്കുന്ന സേവാഗ്രാം ഗ്രാമകേന്ദ്രങ്ങളെക്കുറിച്ച് മാധ്യമപ്രവർത്തകർക്കായി കില സംഘടിപ്പിക്കുന്ന ഏകദിന ശിൽപ്പശാല തുടങ്ങി. തൃശ്ശൂർ, കോട്ടയം, ആലപ്പുഴ, കൊല്ലം, കോഴിക്കോട്, വയനാട്, മലപ്പുറം, കാസർകോഡ്, പത്തനംതിട്ട ജില്ലകളിലെ പരിശീലനം പൂർത്തിയായി. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ജനങ്ങൾക്ക് എളുപ്പത്തിൽ ആശ്രയിക്കാവുന്ന സേവനകേന്ദ്രങ്ങളാവുമ്പോഴാണ് അധികാരവികേന്ദ്രീകരണം യഥാർത്ഥത്തിൽ പ്രായോഗികമാകുന്നതെന്ന് തൃശ്ശൂരിൽ ശിൽപ്പശാല ഉദ്ഘാടനം ചെയ്ത തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ പറഞ്ഞു. അധികാരവികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ കഴിഞ്ഞ രണ്ടുദശകങ്ങളായി സംസ്ഥാനത്ത് ഒരു നിശ്ശബ്ദവിപ്ലവമാണ് നടന്നു കൊണ്ടിരിക്കുന്നത്. സംസ്ഥാനം ചെലവിടുന്ന തുകയുടെ 40 ശതമാനത്തിലധികം ഇന്ന് ത്രിതല പഞ്ചായത്തുകൾ മുഖേനയാണ് ചെലവിടുന്നത്. തുക ഏറ്റവും അർഹരായവരിൽ എത്തിച്ചേരുമ്പോഴാണ് വികേന്ദ്രീകരണം വിജയകരമാകുന്നത്. കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സി.സി. ശ്രീകുമാർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എം.എസ്. അലികുഞ്ഞ്, പ്രസ്ക്ലബ്ബ് പ്രസിഡന്റ് വി.എം.രാധാകൃഷ്ണൻ, സെക്രട്ടറി കെ.സി അനിൽകുമാർ, പ്രോഗ്രാം കോർഡിനേറ്റർ മോളി തോമസ് എന്നിവർ സംസാരിച്ചു. പി.വി.രാമകൃഷ്ണനും രേണുകുമാറും ക്ലാസ്സെടുത്തു. 70 പേർ പങ്കെടുത്തു.

കോട്ടയം ജില്ലാപഞ്ചായത്ത് ഹാളിൽ നടന്ന പരിശീലനം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി ഉദ്ഘാടനം ചെയ്തു. ജില്ലാകോർഡിനേറ്റർ എം.ജി. മണി സ്വാഗതം പറഞ്ഞു. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് മെമ്പർ ടി.വി.ഉദയഭാനു പരിശീലനത്തിനു നേതൃത്വം നൽകി. പി.വി.രാമകൃഷ്ണൻ, ജെ. നെൽസൺ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. 58 മാധ്യമപ്രവർത്തകർ ശിൽപ്പശാലയിൽ സംബന്ധിച്ചു. ആലപ്പുഴ പ്രസ്ക്ലബ്ബിൽ സംഘടിപ്പിച്ച ശിൽപ്പശാല മുനിസിപ്പിൽ ചെയർപേഴ്സൺ ഉദ്ഘാടനം ചെയ്തു. പ്രസ്ക്ലബ്ബ് പ്രസിഡന്റ് അദ്ധ്യക്ഷനായിരുന്നു. ജെ.നെൽസൺ, ചേർത്തല തെക്ക് പഞ്ചായത്ത് സെക്രട്ടറി എന്നിവർ ക്ലാസ്സെടുത്തു. വിവിധ മാധ്യമങ്ങളെ പ്രതിനിധാനം ചെയ്ത് 55 പേർ ശിൽപ്പശാലയിൽ പങ്കെടുത്തു. ഗ്രാമസഭയുടെ ആസ്ഥാനമായ ഗ്രാമകേന്ദ്രങ്ങളും ഗ്രാമസഭയുടെ ഉപഘടകമായ അയൽസഭയും വാർഡ് വികസനസമിതിയും രൂപീകരിച്ച് അധികാരവികേന്ദ്രീകരണം ശാക്തീകരിക്കാനുള്ള സർക്കാർ നിർദ്ദേശത്തെതുടർന്നാണ് ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നത്. ഗ്രാമസഭകളിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും പ്രാദേശികഭരണം കൂടുതൽ സുതാര്യമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് പുതിയ സംവിധാനം.




കോട്ടയത്തു സംഘടിപ്പിച്ച മാധ്യമശിൽപ്പശാല
ജില്ലാപഞ്ചായത്ത് പ്രസിഡന്റ് **നിർമ്മല ജിമ്മി** ഉദ്ഘാടനം ചെയ്യുന്നു




നാദാപുരം നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല
കിലയിൽ **ഇ.കെ.വിജയൻ** എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

# പ്രാദേശികസർക്കാരുകളുടെ അധികാരങ്ങളിൽ കൈകടത്തരുത്: ഇ.കെ.വിജയൻ എം.എൽ.എ

പ്രാദേശികസർക്കാരുകളുടെ അധികാരങ്ങളിൽ കൈകടത്തുന്നതും അതിനു തടസ്സം നിൽക്കുന്നതും അധികാരവികേന്ദ്രീകരണമെന്ന തത്വത്തിനു നിരക്കാത്തതാണെന്ന് ഇ.കെ.വിജയൻ എം.എൽ.എ പറഞ്ഞു.നാദാപുരം നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കേണ്ട സമയത്ത് നാളികേര വികസനബോർഡുപോലും രാസവളങ്ങളാണ് കർഷകർക്കു നൽകുന്നത്. ജൈവകൃഷിക്ക് മുൻഗണന നൽകാനും നെൽകൃഷി വ്യാപകമാക്കാനും ശ്രമിക്കണമെന്ന് എം.എൽ.എ നിർദ്ദേശിച്ചു.

കില അസോസിയേറ്റ് പ്രൊഫ.ഡോ. പീറ്റർ എം.രാജ് അദ്ധ്യക്ഷത വഹിച്ചു. കോർഡിനേറ്റർ പി.വി.രാമകൃഷ്ണൻ സംസാരിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ എൻ.പി.ദേവി (തൂണേരി), എൻ.അജിത (കുന്നുമ്മൽ) ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ ആമിന ടീച്ചർ (ചെക്യാട്), ഇ.വി.കല്യാണി (എടച്ചേരി), പി.സുരേന്ദ്രൻ (കാവിലുംപാറ), ടി.ടി.നാണു( കായക്കൊടി), കെ.സജിത്(മരുത്തോംകര), ടി.പി.പവിത്രൻ (നരിപ്പറ്റ), പി.കെ.സുജാത(തൂണേരി), ടി.പി.കുമാരൻ (വളയം) എന്നിവർക്കുപുറമെ സ്റ്റാൻഡിംഗ് കമ്മിററി ചെയർപേഴ്സൺമാർ, വിവിധ വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.

ഉദ്ഘാടനത്തിനുശേഷം വിവിധ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി ഗ്രൂപ്പ് ചർച്ചയും തുടർന്ന് പൊതുചർച്ചയുമുണ്ടായി. ഗ്രൂപ്പുചർച്ചകൾക്ക് പ്രൊഫ.ടി.രാഘവൻ നേതൃത്വം നൽകി. ചർച്ചകൾ ക്രോഡീകരിച്ച് എം.എൽ.എ സംസാരിച്ചു.




പയ്യന്നൂർ നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല കിലയിൽ
**സി.കൃഷ്ണൻ** എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

# പദ്ധതികളുടെ വിജയത്തിനു ജനപങ്കാളിത്തം അനിവാര്യം: സി.കൃഷ്ണൻ എം.എൽ.എ

അധികാരപരിധിയും വിഭവങ്ങളുടെ പരിമിതിയും കണക്കിലെടുത്തുവേണം പദ്ധതികൾക്കു രൂപം നൽകാനെന്ന് സി.കൃഷ്ണൻ എം.എൽ.എ നിർദ്ദേശിച്ചു. പദ്ധതികളുടെ വിജയത്തിനു ജനപങ്കാളിത്തം അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. പയ്യന്നൂർ നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു.അദ്ദേഹം. എം.എൽ.എ യുടെ സഹായത്തോടെ പഞ്ചായത്തുകളുടെ ശാക്തീകരണമാണ് ഈ ശിൽപ്പശാലയുടെ ലക്ഷ്യങ്ങളിലൊന്നെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച കില ഡയറക്ടർ ഡോ.പി.പി.ബാലൻ പറഞ്ഞു. കോഴ്സ് ഡയറക്ടർ ഡോ.പീറ്റർ എം.രാജ്, അസി.ഡയറക്ടർ കെ.എം.സലിം എന്നിവർ സംസാരിച്ചു.




റാന്നി മണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല കിലയിൽ
**രാജു എബ്രഹാം** എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

# കസ്തൂരി–ഗാഡ്ഗിൽ റിപ്പോർട്ട് വികസനത്തിനു സാദ്ധ്യത കുറയ്ക്കുന്നു: രാജു എബ്രഹാം എം.എൽ.എ

**ക**സ്തൂരിരംഗൻ–ഗാഡ്ഗിൽ റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ റാന്നി മണ്ഡലത്തിൽ വൻകിട വികസനപദ്ധതികൾക്ക് സാദ്ധ്യത കുറഞ്ഞിരിക്കുകയാണെന്ന് രാജു എബ്രഹാം എം.എൽ.എ അഭിപ്രായപ്പെട്ടു. മണ്ഡലത്തിലെ സമഗ്ര വികസനശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.വന്യജീവിസങ്കേതത്തിനു പത്തു കിലോമീറ്റർ ചുറ്റളവിൽ വികസനം പാടില്ലെന്നു പറയുമ്പോൾ റാന്നി പട്ടണത്തിന്റെ എഴുപതു ശതമാനത്തോളം സ്ഥലത്തേയും അതു ബാധിക്കും. ഇവയെല്ലാം കണക്കിലെടുത്തു വേണം വികസനപദ്ധതികൾ തയ്യാറാക്കാൻ. പച്ചക്കറി കൃഷിയിലും മുട്ടക്കോഴി കൃഷിയിലും സ്വയംപര്യാപ്തത നേടാൻ ശ്രമിക്കണം. പാലുൽപ്പാദനം വർദ്ധിപ്പിക്കാൻ കുടുതൽ ഫാമുകൾ സ്ഥാപിക്കുകയും വ്യക്തിഗത സംരംഭകരെ പ്രോത്സാഹിപ്പിക്കുകയും വേണം. എൽ.പി. സ്കൂൾ മുതൽ കോളേജ് തലം വരെ അത്യാധുനികരീതിയിൽ വിദ്യാഭ്യാസ പരിഷ്ക്കരണങ്ങൾ കൊണ്ടുവരണം. അമേരിക്കയിലെ മലയാളികളിൽ ഭൂരിഭാഗവും ഈ പ്രദേശത്തുകാരാണ്. അവരുടേയും ഇന്ത്യക്കകത്തും പുറത്തുമുള്ള പൂർവവിദ്യാർത്ഥികളുടേയും സഹകരണത്തോടെ ഈ പദ്ധതി നടപ്പാക്കാൻ കഴിയും. ഈ നൂറ്റാണ്ടിലെ മറ്റൊരു പ്രതിസന്ധിയാണ് ഊർജക്ഷാമം.സൗരോർജ പദ്ധതിയിലൂടെ ഇതിനു പരിഹാരം കാണണം. ലക്ഷംവീടുകൾക്കും പട്ടകജാതി കോളനികൾക്കും ഇതിനു വേണ്ട സഹായം നൽകുകയും മറ്റുള്ളവരെ ബോധവൽക്കരണത്തിലൂടെ ഇതിലേക്കു കൊണ്ടുവരികയും വേണം. നിശ്ചിത കാലയളവിനുള്ളിൽ ഏറ്റവും കൂടുതൽ തീർത്ഥാടകരെത്തുന്ന ശബരിമലയും ഈ മണ്ഡലാതിർത്തിയിലാണ്. ഏക കഥകളി ഗ്രാമമുള്ളതും ഐരൂരാണ്. ഇവയെല്ലാം കോർത്തിണക്കിക്കൊണ്ടുള്ള പിൽഗ്രീം ടൂറിസത്തിനു സാദ്ധ്യത വർദ്ധിച്ചുവരുന്നു. മാലിന്യനിർമ്മാർജനവും ടൂറിസവും ബന്ധപ്പെട്ടതാണ്. വൃത്തിയുള്ള നാട്ടിലേക്കേ ടൂറിസ്റ്റുകൾ വരുവെന്നും എം.എൽ.എ പറഞ്ഞു.

കോഴ്സ്ഡയറക്ടർ ഡോ. പീറ്റർ എം.രാജ് അദ്ധ്യക്ഷനായിരുന്നു. കോർഡിനേറ്റർ പി.വി രാമകൃഷ്ണൻ, കില അസി.ഡയറക്ടർ കെ.എം.സലി എന്നിവർ സംസാരിച്ചു.

എഴുമാറ്റൂർ, കൊറ്റനാട്, കോട്ടങ്ങൽ, അയിരൂർ, നാറാണംമുഴി, റാന്നി അങ്ങാടി, റാന്നി പഴവങ്ങാടി, റാന്നിപെരുനാട്, ചെറുകോൽ, റാന്നി, വടശ്ശേരിക്കര, വെച്ചുച്ചിറ ഗ്രാമപഞ്ചായത്തുകളിലേയും റാന്നി ബ്ലോക്ക് പഞ്ചായത്തിലേയും പ്രസിഡന്റുമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, വിവിധ വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടെ 120 പേർ ശിൽപ്പശാലയിൽ സംബന്ധിച്ചു.



ശിൽപ്പശാലയിൽ സംബന്ധിച്ച ജനപ്രതിനിധികളും ഉദ്യോഗസ്ഥരും




അങ്കമാലി നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല കിലയിൽ **ജോസ് തെറ്റയിൽ** എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

# പദ്ധതി ആവിഷ്ക്കരിക്കലല്ല നടപ്പാക്കലാണ് പ്രാധാന്യം: ജോസ് തെറ്റയിൽ എം.എൽ.എ

പദ്ധതികൾ ആവിഷ്ക്കരിക്കലല്ല അതു നടപ്പാക്കലാണ് പ്രാധാന്യമെന്ന് ജോസ് തെറ്റയിൽ എം.എൽ.എ. അങ്കമാലി നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മാലിന്യസംസ്ക്കരണത്തിന്റെ കാര്യത്തിൽ നാം തികഞ്ഞ പരാജയമാണ്. ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കാൻ കഴിയണം. കാർഷിക-ക്ഷീരമേഖലയിൽനിന്ന് പലരും പിറകോട്ടു പോകുകയാണ്. അവരെ അതിലേക്കു തിരിച്ചുകൊണ്ടുവരുന്നതിനുള്ള ആകർഷക പദ്ധതികൾ ആവിഷ്ക്കരിക്കണം. കായികമേഖലയ്ക്കു പ്രാധാന്യം നൽകണം. പദ്ധതികളുടെ പരാജയത്തിനു മുഖ്യകാരണം ഏകോപനത്തിന്റെ അഭാവമാണ്. പ്രകൃതി അനുഗ്രഹിച്ചു നൽകിയ നദികളും മലനിരകളും നാം സംരക്ഷിക്കണം. എം.എൽ.എ മാർക്കു പ്രത്യേക അധികാരങ്ങളൊന്നുമില്ലെന്നും ചില അവകാശങ്ങൾ മാത്രമേയുള്ളുവെന്നും അദ്ദേഹം പറഞ്ഞു.

കില ഡയറക്ടർ ഡോ.പി.പി. ബാലൻ അദ്ധ്യക്ഷത വഹിച്ചു. കോഴ്സ് ഡയറക്ടർ ഡോ.പീറ്റർ എം.രാജ്, അസി.ഡയറക്ടർ കെ.എം.സലിം, കോർഡിനേറ്റർ പി.വി.രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു. അങ്കമാലി നഗരസഭ ചെയർമാൻ ബെന്നി മുഞ്ഞേലി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ കെ.ഒ വർഗീസ് (അയ്യംപുഴ), എ.ബി.സാബു (കാലടി), രാധാകൃഷ്ണൻ (മലയാറ്റൂർ), സിൽവി ജോസ് (മഞ്ഞപ്ര), പി.വി. മോഹനൻ (മൂക്കന്നൂർ), പി.വി.ജോസ് (പറക്കോട്), ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ അഡ്വ.എം.കെ.ഷാജി (പറക്കോട്), മേരി ആന്റണി (അങ്കമാലി) എന്നിവർക്കു പുറമെ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, വിവിധ വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്. ഉദ്ഘാടനത്തിനുശേഷം ഗ്രൂപ്പു ചർച്ചയും തുടർന്ന് പൊതുചർച്ചയുമുണ്ടായി. ചർച്ചകൾ ക്രോഡീകരിച്ച് എം.എൽ.എ സംസാരിച്ചു.

## ചോദിക്കൂ പറയാം

**?** തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ചില കാര്യങ്ങൾക്ക് ബൈലോ ഉണ്ടാക്കണമെന്നു പറയുന്നു. ബൈലോ ഉണ്ടാക്കി എങ്ങനെയാണ് അംഗീകാരത്തിനു സമർപ്പിക്കേണ്ടത്?

● കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം) ചട്ടങ്ങൾ 1995 നു വിധേയമായാണ് ബൈലോകൾ ഉണ്ടാക്കേണ്ടത്. ആദ്യം കരട് ബൈലോ തയ്യാറാക്കണം.ബൈലോകൊണ്ട് ഉദ്ദേശിക്കുന്നതെന്താണോ ആ കാര്യങ്ങൾ എല്ലാം വിശദമാക്കിക്കൊണ്ടും നടപടികൾ സംബന്ധിച്ചും വിശദമായി പ്രതിപാദിച്ചുകൊണ്ടായിരിക്കണം കരട് ബൈലോ ഉണ്ടാക്കേണ്ടത്. കരട് ബൈലോ തയ്യാറാക്കിയത് അംഗീകരിച്ച് ആക്ഷേപാഭിപ്രായങ്ങൾ ക്ഷണിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനം എടുക്കണം. തീരുമാനത്തിന്റെ പകർപ്പ്, കരടു ബൈലോ പരസ്യപ്പെടുത്തിയ നോട്ടീസിന്റെ പകർപ്പ് പരസ്യപ്പെടുത്തി 30 ദിവസത്തിനുശേഷം ഭേദഗതികൾ അംഗീകരിച്ച് മാറ്റം വരുത്തി അന്തിമമായി പുതുക്കിയ ബൈലോ അംഗീകരിച്ചു തരുന്നതിനു അപേക്ഷിക്കുന്ന തീരുമാനം, ഡയറക്ടർക്കുള്ള അപേക്ഷ എന്നിവയുടെ 3 പകർപ്പ് തയ്യാറാക്കിയ പ്രപ്പോസലാണ് അംഗീകാരത്തിനു സമർപ്പിക്കേണ്ടത്.

**?** വനിതാഘടകപദ്ധതിയിൽപ്പെടുത്തി ആനുകൂല്യം നൽകുമ്പോൾ വനിത ഗൃഹനാഥയാകണമെന്ന് നിർബന്ധമുണ്ടോ? പുരുഷന്മാരുള്ള വീടുകളിൽ വനിതാഘടകപദ്ധതിയിലെ ആനുകൂല്യം നൽകാൻ പാടില്ലെന്നുണ്ടോ?

● വനിതാഘടകപദ്ധതി വനിതകളുടെ സാമൂഹ്യപദവിയും വരുമാനം ഉയർത്തുന്നതിനുവേണ്ടി നടപ്പാക്കുന്നതിനുള്ളതാണ്. വനിതകളുടെ വരുമാനവും ഉയർച്ചയും ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികളാണ് വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്.(പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിലെ അനുബന്ധം 2 വനിതാഘടകപദ്ധതി നോക്കുക) എന്നാൽ വീട്, കക്കൂസ്, കിണർ മുതലായ പൊതുകാര്യങ്ങൾ ഏറ്റെടുക്കുമ്പോൾ അതു വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ല. ഉൾപ്പെടുത്തുന്നുവെങ്കിൽ വനിതകൾ മാത്രമുള്ള ഗൃഹങ്ങൾ ആയിരിക്കണം.

**?** ജനപ്രതിനിധികൾക്ക് എത്രദിവസം വരെ അവധിയെടുക്കാം? അവധികാലം മുഴുവൻ ഓണറേറിയം നൽകാമോ?

● ഈ ചോദ്യത്തിനു ഇതിനുമുമ്പ് മറുപടി പറഞ്ഞതാണ്. ജനപ്രതിനിധികൾക്ക് പഞ്ചായത്തിന്റെ തീരുമാനപ്രകാരം ആറുമാസം വരെ അവധിയെടുക്കാം. എന്നാൽ അവധി കാലയളവിൽ ഓണറേറിയം നൽകാൻ പാടുള്ളതല്ല. പ്രസവാവധിയാണെങ്കിൽ മാത്രം വനിതാജനപ്രതിനിധികൾക്ക് ഓണറേറിയം നൽകാം.(സ.ഉ.(അ) നമ്പർ.175/2012/തസ്വഭവ.22.6.2012) കേരള പഞ്ചായത്ത് രാജ് ജനപ്രതിനിധികൾക്കുള്ള ഓണറേറിയം ഭേദഗതി ചട്ടങ്ങൾ 2012).




ചാലക്കുടി നിയോജകമണ്ഡലത്തിലെ  സമഗ്രവികസന ശില്പശാല കിലയിൽ
**ബി.ഡി.ദേവസ്സി** എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു

# പരിസരശുചിത്വത്തിനു പ്രാധാന്യം നൽകണം: ബി.ഡി.ദേവസ്സി എം.എൽ.എ

**വ്യ**ക്തിശുചിത്വംപോലെ പരിസരശുചിത്വത്തിനും നാം പ്രാധാന്യം നൽകണമെന്ന് ബി.ഡി.ദേവസ്സി എം.എൽ.എ. ചാലക്കുടി നിയോജകമണ്ഡലത്തിലെ  സമഗ്രവികസന ശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പല കര്യങ്ങളിലും കേരളം ഇന്ത്യയുടെ പരീക്ഷണശാലയാണ്. 57-ൽ കേരളത്തിലാണ് ആദ്യമായി ഭൂനിയമം നടപ്പിലാക്കിയത്. ആരോഗ്യരംഗത്തും നാം നേട്ടങ്ങൾ കൈവരിച്ചു. തദ്ദേഭരണസ്ഥാപനങ്ങളിൽ ആദ്യമായി 50 ശതമാനം സ്ത്രീസംവരണമേർപ്പെടുത്തിയതും ഇവിടെയാണ്. സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായി കുടുംബശ്രീസംവിധാനം നിലവിൽ വന്നതും ഇവിടെതന്നെ. ശക്തമായ പൊതുവിതരണസമ്പ്രദായം, സമ്പൂർണ സാക്ഷരത തുടങ്ങിയവയെല്ലാം നേട്ടങ്ങളുടെ പട്ടികയിൽ പെടുന്നു. മതസൗഹാർദ്ദവും ജനമൈത്രിയും നിലനിൽക്കുന്ന ഇവിടെ വർഗ്ഗീയശക്തികളും ഭീകരവാദികളും ശക്തിപ്രാപിക്കാൻ അവസരം നൽകരുത്. വികസനപ്രവർത്തനങ്ങൾക്ക് സുതാര്യതയും ജനപങ്കാളിത്തവും വേണം.കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളുടേയും എം.എൽ.എ-എം.പി ഫണ്ടിന്റെയും ഏകോപനമാണ് വേണ്ടത്. വാർഡുകളിലേക്കു തുല്യമായി ഫണ്ടു വീതം വയ്ക്കുന്നതു കടലിൽ കായം കലക്കുന്നതിനു തുല്യമാണ്. ഉൽപ്പാദനമേഖലയ്ക്കും നാം ഊന്നൽ നൽകണം.അരിയുടേയും പച്ചക്കറിയുടേയും കാര്യത്തിൽ നാം സ്വയംപര്യാപ്തത കൈവരിക്കണം.വർഷംതോറും പത്തുലക്ഷം ടൂറിസ്റ്റുകൾ വന്നു പോകുന്ന ചാലക്കുടിയിൽ ടൂറിസത്തിനും ഇനിയും വികസനസാദ്ധ്യതകളുണ്ടെന്നും അതിനായി കഴിയുന്നതെല്ലാം ചെയ്യുമെന്നും എം.എൽ.എ അറിയിച്ചു.

ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഡെന്നീസ് കെ.ആന്റണി അദ്ധ്യക്ഷനായിരുന്നു. കില അസി.ഡയറക്ടർ കെ.എം.സലിം, കോർഡിനേറ്റർ പി.വി.രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു. ചാലക്കുടി നഗരസഭ  ചെയർപേഴ്സൺ പൈലപ്പൻ, ജില്ലാ പഞ്ചായത്ത് മെമ്പർ അജിതാരാധാകൃഷ്ണൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ മനീഷ് സെബാസ്റ്റ്യൻ(കൊരട്ടി), സി.കെ.ശശി (കോടശ്ശേരി), മുരളി ചക്കത്തറ(അതിരപ്പിള്ളി), പ്രിയാവിജയൻ (പരിയാരം), ഹൈമവതി ശിവൻ(മേലൂർ), ഡെയ്സി ഫ്രാൻസിസ് (കാടുകുററി) എന്നിവർക്കു പുറമെ വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, നിർവഹണ ഉദ്യോഗസ്ഥർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്. ഉദ്ഘാടനത്തിനുശേഷം വിവിധ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി ഗ്രൂപ്പ് ചർച്ചയും തുടർന്ന് പൊതു ചർച്ചയുമുണ്ടായി. ചർച്ചകൾക്ക് എം.എൽ.എ മറുപടി പറഞ്ഞു.



ശിൽപ്പശാലയിൽ പങ്കെടുത്ത ജനപ്രതിനിധികളും ഉദ്യോഗസ്ഥരും



ആരോഗ്യരംഗത്തെ സാമൂഹ്യ സ്വാധീനഘടകങ്ങൾ കണ്ടെത്താൻ ആരോഗ്യസർവകലാശാലയും കിലയും ദേശീയ ഗ്രാമീണ ആരോഗ്യമിഷനും(എൻ.ആർ.എച്ച്.എം) തദ്ദേശസ്വയംഭരണവകുപ്പും സംയുക്തമായി സംഘടിപ്പിച്ച ഏകദിന ശിൽപ്പശാലയിൽ ആരോഗ്യസർവകലാശാല വൈസ് ചൻസലർ ഡോ.എം.കെ.സി നായർ സംസാരിക്കുന്നു

# മുൻകരുതലെടുത്തില്ലെങ്കിൽ പകർച്ചവ്യാധികൾ തിരിച്ചുവരും: വൈസ് ചാൻസലർ ഡോ.എം.കെ.സി നായർ

**അ**ന്യസംസ്ഥാന തൊഴിലാളികളുടെ ജീവിതസാഹചര്യങ്ങളും അവരുടെ ആരോഗ്യപ്രശ്നങ്ങളും വിലയിരുത്തി മതിയായ മുൻകരുതലെടുത്തില്ലെങ്കിൽ മാരകമായ പകർച്ചവ്യാധികൾക്ക് സാദ്ധ്യത ഏറെയാണെന്ന് ആരോഗ്യസർവകലാശാല വൈസ് ചൻസലർ ഡോ. എം.കെ.സി നായർ പറഞ്ഞു. ആരോഗ്യരംഗത്തെ സാമൂഹ്യ സ്വാധീനഘടകങ്ങൾ കണ്ടെത്താൻ ആരോഗ്യസർവകലാശാലയും കിലയും ദേശീയ ഗ്രാമീണ ആരോഗ്യമിഷനും (എൻ.ആർ.എച്ച്.എം) തദ്ദേശസ്വയംഭരണവകുപ്പും സംയുക്തമായി സംഘടിപ്പിച്ച ഏകദിന ശിൽപ്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

വൃത്തിഹീനമായ ചുറ്റുപാടിലാണ് ഭൂരിഭാഗം അന്യസംസ്ഥാന തൊഴിലാളികളും കഴിയുന്നത്. വേണ്ടത്ര ശൗചാലയങ്ങളും നല്ല കുടിവെള്ളവും അന്തിയുറങ്ങാൻ പറ്റിയ സ്ഥലവും പലർക്കുമില്ല. ഇവിടെനിന്ന് നിർമ്മാർജനം ചെയ്യപ്പെട്ട മാരകമായ രോഗങ്ങൾ വീണ്ടും തിരിച്ചെത്തിയാൽ ഇവരെ കുറ്റപ്പെടുത്താനാവില്ല. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കൂടുതൽ ജാഗ്രത പുലർത്തണമെന്നും അദ്ദേഹം പറഞ്ഞു.

കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷത വഹിച്ചു. ആരോഗ്യ സർവകലാശാല ഡീൻ അജിത് കുമാർ, കില അസി.പ്രൊഫ. ഡോ.ജെ.ബി.രാജൻ, മുണ്ടത്തിക്കോട് പഞ്ചായത്ത് പ്രസിഡന്റ് അജിത്കുമാർ, കാരകോണം മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം പ്രൊഫ. ഡോ.വിജയകുമാർ എന്നിവർ സംസാരിച്ചു.

രോഗവും രോഗപ്രതിരോധവും എന്നതിലുപരി ആരോഗ്യരംഗത്തെ മറ്റ് സാമൂഹ്യസ്വാധീനഘടകങ്ങൾ കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഹെൽത്ത് പ്ലാൻ തയ്യാറാക്കുക എന്ന ലക്ഷ്യത്തിലൂന്നിയുള്ള പ്രാഥമിക സർവേ പൂർത്തിയായി. പാണഞ്ചേരി, മുണ്ടത്തിക്കോട് പഞ്ചായത്തുകളിലാണ് സർവെ നടത്തിയത്. സാമൂഹ്യസാമ്പത്തിക സ്ഥിതി, തൊഴിൽ,സംസ്കാരം, പ്രകൃതി, പ്രകൃതിവഭവങ്ങൾ, ജീവിതശൈലി രോഗങ്ങൾ തുടങ്ങിയ മേഖലകളിലെ ഇപ്പോഴത്തെ അവസ്ഥയും ഭാവിയിൽ സംഭവിക്കാവുന്ന മാറ്റങ്ങളും എങ്ങനെ ആരോഗ്യരംഗത്തെ ബാധിക്കുമെന്നും സർവെക്കു വിധേയമാക്കി.

കേരളത്തിലെ വിവിധ കമ്മ്യൂണിറ്റി മെഡിസിൻ കോളേജിലെ ഡോക്ടർമാരാണ് സർവെ നടത്തിയത്. ഈ വർഷം മാർച്ച് 31 നകം സർവെയുടെ രണ്ടാംഘട്ടം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.




ഇരവിപുരം നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല കിലയിൽ **എ.എ. അസീസ്** എംഎൽ.എ ഉദ്ഘാടനം ചെയ്യുന്നു


**KILA News letter** Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581
(for private circulation only)